DESPATCHED
On. 14/02/2022

05.02.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP.No.3011(4)/2018/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.6962/SIC-Gen 2/2018**

**സന്നിഹിതൻ**

**ശ്രീ.**കെ.വി. സുധാകരൻ, സംസ്ഥാന **വിവരാവകാശ കമ്മീഷണർ**

(തീയതി. 05.02.2022)

ശ്രീ. വി.എം. പ്രഭാകരൻ,
വടക്കയിൽ, മീത്തർ,
പേരാമ്പ്ര, കോഴിക്കോട്,
പിൻ - 673 525.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   മേഞ്ഞാണ്യം വില്ലേജ് ഓഫീസ്,
   കോഴിക്കോട്.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   തഹസീൽദാർ ഭൂരേഖ,
   താലൂക്ക് ഓഫീസ്,
   കൊയിലാണ്ടി, കോഴിക്കോട്.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ മേഞ്ഞാണ്യം വില്ലേജിലെ റീസർവ്വെ 126/1ൽപ്പെട്ട വസ്തു സംബന്ധിച്ച EP 267/67, EP 334/67 എന്നിവ പരിശോധിച്ച് ടി നമ്പർ വസ്തു സംബന്ധിച്ച യഥാർത്ഥ രേഖ ലഭ്യമാക്കണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 26.08.2021 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു. താൻ ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചതെന്ന് അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. 1954 ൽ കോടതി വിധിപ്രകാരമാണ് തന്റെ അച്ഛന് ബന്ധപ്പെട്ട സ്ഥലം കിട്ടുന്നത്. 1953

മുതൽ 1980 വരെ ഈ സ്ഥലത്തിന് നികുതി ആരടച്ചു എന്നതിന് തെളിവില്ല. വസ്തു സംബന്ധിച്ച് പേരാമ്പ്ര സബ് രജിസ്ട്രാർ ഓഫീസിലും രേഖ ഒന്നുമില്ല. 2059/53 എന്ന ആധാരം വ്യാജമാണെന്നും 2027/19 എന്ന കുടിക്കിട രേഖ പരിശോധിച്ചാൽ ഇക്കാര്യം മനസിലാകുമെന്നും അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു.

3. തനിക്ക് മുമ്പുണ്ടായിരുന്ന വില്ലേജ് ഓഫീസറാണ് തഹസീൽദാരുടെ നിർദ്ദേശ പ്രകാരം അപ്പീൽ ഹർജിക്കാരന് മറുപടി നൽകിയതെന്നും 29.01.2020 ൽ മറുപടി അപേക്ഷകൻ നേരിട്ട് കൈപ്പറ്റിയെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. ഇതിനുശേഷം, അപ്പീൽ ഹർജിക്കാരൻ ഇക്കാര്യത്തിൽ കൂടുതലായി ബോധിപ്പിക്കാനുള്ള വിവരങ്ങൾ 29.08.2021 ൽ ഇമെയിൽ മുഖാന്തിരം കമ്മീഷന് നൽകി. അതിൽ ഇപ്രകാരം പറയുന്നു.

"പയ്യോളി കോടതിയിലെ OS 599/46 ലെ 4259/48 വിധി പ്രകാരം 15.01.1954 ലെ പാർട്ടീഷൻ അനുസരിച്ച് എന്റെ പിതാവായ 9-ാം എതിർകക്ഷിക്ക് ലഭിക്കുന്ന വസ്തു ആണ് 9A എന്ന പ്ലോട്ട്. എന്നാൽ 6 മാസം മുമ്പ് 16.07.1953 ൽ അച്ഛനെ കബളിപ്പിച്ച് വഞ്ചിച്ച് 2059/53 പണയാധാരം വ്യാജമായുണ്ടാക്കി വസ്തു എന്റെ അച്ഛനിൽ നിന്നും തട്ടിപ്പ് നടത്തി. ഓൺലൈൻ കുടിക്കിട രേഖയായ 2027/19 പരിശോധിച്ചാൽ അതിൽ എൻട്രി 1 മുതൽ 26 വരെ എല്ലാം വ്യാജമാണ്. അതുകൊണ്ട് ഈ വസ്തു സംബന്ധിച്ച് SRO പേരാമ്പ്രയിലേയും, മേഞ്ഞാണ്യം വില്ലേജ് ഓഫീസിലേയും രേഖകളെല്ലാം വ്യാജമാണ്. SRO പേരാമ്പ്രയേയും, പേരാമ്പ്ര കോടതിയേയും, മേഞ്ഞാണ്യം വില്ലേജ് ഓഫീസിനെയും നോക്കുകുത്തിയാക്കിയുള്ള ഗുരുതരമായ ഭൂമിതട്ടിപ്പാണ് നടന്നിരിക്കുന്നത്. ഒരു വസ്തുവിനെപ്പറ്റി ഒരു വില്ലേജ് ഓഫീസിലെ ഒരേ വില്ലേജ് ഓഫീസർമാർ വ്യത്യസ്തമായ റിപ്പോർട്ടുകളാണ് ലാന്റ് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്കും, റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിക്കും കൊടുത്തിരിക്കുന്നത്. ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥനും തെറ്റായ റിപ്പോർട്ടാണ് കൊടുത്തത്. SRO പേരാമ്പ്രയിലെ 2059/53 ആധാരം തയ്യാറാക്കിയതും 2 സാക്ഷികളും 3 വ്യത്യസ്ത മേൽവിലാസത്തിൽ ഒരു നാരായണൻ നായർ ആണ്. കുടിക്കിട രേഖയിലെ 8-ാം എൻട്രിയിൽ ഒരിടത്തും ദാമോദരൻ നായർക്ക് പേരാമ്പ്ര കോടതി ഭൂമി എഴുതികൊടുത്തതായി കാണുന്നില്ല."

5. അപ്പീൽ ഹർജിക്കാരന്റെ മൊഴിയിൽ നിന്ന് ഗുരുതരമായ പിഴവുകളോ, തിരിമറിയോ അപേക്ഷയിൽ പറയുന്ന സ്ഥലവുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ട് എന്ന് കരുതേണ്ടിയിരിക്കുന്നു. ഈ അപേക്ഷയുമായി ബന്ധപ്പെട്ട ഫയലിൽ ഒന്നാം അപ്പീൽ അധികാരിയായ കൊയിലാണ്ടി താലൂക്ക് ഭൂരേഖ തഹസീൽദാർ 21.05.2018 ൽ പുറപ്പെടുവിച്ച ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളത് അപേക്ഷകൻ ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാണെങ്കിൽ അനുവദിക്കാൻ എസ്.പി.ഐ.ഒ ആയ മേഞ്ഞാണ്യം വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ്. എന്നാൽ ഇത് ലഭിച്ചതായി അപ്പീൽ ഹർജിക്കാരൻ പറയുന്നില്ല. ഇത്തരം ഒരു രേഖ കൊടുത്തിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷിക്കും യാതൊന്നും അറിയില്ല.

6. ഈ പശ്ചാത്തലത്തിൽ, ഈ ഉത്തരവ് കൈപ്പറ്റി രണ്ടുമാസത്തിനുള്ളിൽ മേഞ്ഞാണ്യം വില്ലേജിന്റെയും, കൊയിലാണ്ടി താലൂക്കിന്റെയും നിയന്ത്രണാധികാരമുള്ള ആർ.ഡി.ഒ, വടകര ഇതേപ്പറ്റി അന്വേഷണം നടത്തി കമ്മീഷനെ അറിയിക്കേണ്ടതാണ്. ആർ.ഡി.ഒ യുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം കമ്മീഷൻ ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

7. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൽ ഇന്നേദിവസം 05.02.2022 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

**പകർപ്പ്:-**
**റവന്യൂ ഡിവിഷണൽ ഓഫീസർ,**
**വടകര, കോഴിക്കോട്.**

re